**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2184 | 06.02.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി.എസ്.ശിവകമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)** |
| എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിന് വലിയതുറ സെന്റ് സേവിയേഴ്സ് നഗർ ഡയറി ഡെവലപ്പ്മെന്റ് വക ഭൂമി ശംഖുമുഖം പൊലീസ് സ്റ്റേഷൻ സമീപമുള്ള റവന്യൂ ഭൂമി എന്നിവ അനുയോജ്യമാണെന്ന് ബഹു. തിരുവനന്തപുരം MLA കത്ത് നൽകിയതിൻ പ്രകാരം തിരുവനന്തപുരം അർബൻ 1 ICDS പ്രോജക്ടിലെ 19-ാം നമ്പർ അങ്കണവാടിയ്ക്കായി വലിയതുറ ഭാഗത്ത് ലഭ്യമായ ഭൂമി താലൂക്ക് ഓഫീസിൽ നിന്നും പരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അർബൻ IV ICDS പ്രോജക്ടിലെ 152-ാം നമ്പർ അങ്കണവാടിയ്ക്കായി ശംഖുമുഖം ഭാഗത്ത് ലഭ്യമായ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്. |
| ബി) ആയതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;<br>സി) പ്രസ്തുത അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) & സി) വലിയതുറ, ശംഖുമുഖം ഭാഗങ്ങളിൽ ലഭ്യമായ ഭൂമി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസിൽ നിന്നും തിരുവനന്തപുരം കളക്ടറേറ്റിൽ നൽകിയിട്ടുണ്ട്. ടി ഭൂമി ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ